ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 19-06-2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ യുവത കഴിവുകളെ അവസരങ്ങളാക്കി മാറ്റണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി വിതരണം ചെയ്തു.

   **Prime Minister Narendra Modi wants to transform India's youth talents into opportunities; The Prime Minister distributed benefits worth Rs 2,400 crore under the Vikasit Bharat Rozgar Yojana.**

2. പിഎം കിസാൻ സമ്മാൻ നിധി 23-ാമത് ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പശ്ചിമബംഗാളിൽ നിർവ്വഹിക്കും.

   **Prime Minister Narendra Modi will distribute the 23rd installment of the PM Kisan Samman Nidhi in West Bengal tomorrow.**

3. 2026-27 ലെ സംസ്ഥാന ബജറ്റ് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ അവതരിപ്പിച്ചു; ബജറ്റ് അടുത്ത അഞ്ച് വർഷം കേരളത്തിൽ നടപ്പാക്കുന്ന വികസനങ്ങളുടെ ദിശാസൂചികയെന്ന് മുഖ്യമന്ത്രി.

   **Chief Minister V.D. Satheesan presented the state budget for 2026-27 in the assembly; The Chief Minister said that the budget is a guideline for the developments to be implemented in Kerala in the next five years.**

4. തീരമേഖലയും, ജലസ്രോതസുകളും സംയോജിപ്പിച്ച് കേരളത്തെ സമുദ്ര ശക്തിയാക്കി മാറ്റും. വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് ഏവിയേഷൻ- ലോജിസ്റ്റിക് ഹബ്ബ് ; സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും ബജറ്റിൽ മികച്ച പരിഗണന.

Kerala will be transformed into a maritime power by integrating the coastal area and water resources. Aviation-logistics hub with airports as the focus; Better consideration for women, children and the elderly in the budget.

5. കോർപ്പറേറ്റ് താത്പര്യം ഉയർത്തിപ്പിടിക്കുന്ന ബജറ്റെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ; പ്രഖ്യാപിച്ചത് ദീർഘവീക്ഷണമില്ലാത്ത പദ്ധതികളെന്ന് ബിജെപി.

Opposition leader Pinarayi Vijayan said that the budget promotes corporate interests; BJP says the announced plans are no long term vision.

6. ഫിഫ ലോകകപ്പിൽ ഇന്ന് യുഎസ്എ-ഓസ്ട്രേലിയയെ നേരിടും.

USA Will face Australia today in the FIFA World Cup.

******************************************

## PM ROSGAR (INTRO)

രാജ്യത്തെ യുവാക്കളുടെ കഴിവുകളെ ലോകം തിരിച്ചറിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. വരും വർഷങ്ങളിൽ ആഗോള വളർച്ച, നവീകരണം, സംരംഭകത്വം എന്നിവയെ മുന്നോട്ട് നയിക്കുന്നതിൽ ഇന്ത്യയിലെ യുവാക്കൾ മുൻപന്തിയിലായിരിക്കുമെന്നും ഇന്ത്യൻ യുവത കഴിവുകളെ അവസരങ്ങളാക്കി മാറ്റണമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി. കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ, കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജെ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ **EPFO** യുടെ ആഭിമുഖ്യത്തിൽ പരിപാടികൾ സംഘടിപ്പിച്ചു.

****** ******** ********************* ******

## PM SAMMAN NIDHI

പിഎം കിസാൻ സമ്മാൻ നിധി 23-ാമത് ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിർവ്വഹിക്കും. പശ്ചിമ ബംഗാളിലെ താരകേശ്വറിൽ നടക്കുന്ന ദേശീയ തല പരിപാടിയുടെ തത്സമയ സംപ്രേഷണവും ഉണ്ടായിരിക്കും. ഇതിൻറെ ഭാഗമായി തിരുവനന്തപുരം ശ്രീകാര്യം കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

****** ******** ********************* ******

## BUDGET GENERAL

പുതുയുഗ കേരളം സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാക്കി, 2026-27 ലെ സംസ്ഥാന ബജറ്റ് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ അവതരിപ്പിച്ചു. സംസ്ഥാനം നേരിടുന്നത് വലിയ സാമ്പത്തിക വെല്ലുവിളിയാണെന്നും, നൂതന മാർഗങ്ങളിലൂടെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൻറെ തനത് വരുമാനം മറ്റു സംസ്ഥാനങ്ങളേക്കാൾ താഴെയാണ് എന്നതിനൊപ്പം കേന്ദ്ര വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. അടുത്ത അഞ്ച് വർഷം സംസ്ഥാനത്ത് നടപ്പാക്കുന്ന വികസനങ്ങളുടെ ദിശാസൂചികയായിരിക്കും ബജറ്റ് എന്നും മുഖ്യമന്ത്രി പറഞ്ഞു.

****** ******** ********************* ******

## BUDGET-1

സംസ്ഥാനത്തിൻറെ തീരമേഖലയും, ജലസ്രോതസുകളും സംയോജിപ്പിച്ച് കേരളത്തെ സമുദ്ര ശക്തിയാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു. മിഷൻ സമുദ്ര പദ്ധതിയ്ക്കായി 400 കോടി രൂപ ബജറ്റിൽ വകയിരുത്തി. വിഴിഞ്ഞത്തെ ഗ്രീൻ ബങ്കറിങ് തുറമുഖമാക്കും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ ചേർത്ത് സതേൺ കേരള എക്കോണമി കോറിഡോർ രൂപീകരിക്കും. വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് ഏവിയേഷൻ- ലോജിസ്റ്റിക് ഹബ്ബ് രൂപീകരിക്കുന്നതിന് 200 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

****** ********* *********** *********** ******

## BUDGET-2

കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന് കേരള നോളജ് വാലി പദ്ധതി ആവിഷ്കരിക്കും. ഇതിനായി 100 കോടി രൂപ വകയിരുത്തി. മുൻനിര വിദേശ സർവകലാശാലകളെ കേരളത്തിലേക്ക് ആകർഷിക്കുമെന്നും, വിദ്യാർഥികൾക്ക് കേരളത്തിൽ തന്നെ ലോകോത്തര അവസരം കണ്ടെത്താൻ അവസരമൊരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വയനാട് ട്രൈബൽ സർവകലാശാല ആരംഭിക്കും. പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിക്കായി ബജറ്റിൽ 600 കോടി രൂപ വകയിരുത്തി. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ നടപ്പാക്കും. കിഫ്ബിയുടെ നിലവിലെ ഘടന പരിഷ്കരിക്കുമെന്നും, കിഫ്ബിയെക്കുറിച്ച് പഠിക്കാൻ പ്രത്യേക വിദഗ്ധ സമിതി രൂപീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

****** ********* *********** *********** ******

## BUDGET - HEALTH (INTRO)

ആരോഗ്യ മേഖലക്കായി 2,074 കോടി രൂപ വകയിരുത്തി. വൺ കേരള കരുതൽ മിഷനിലൂടെ അർഹരായ രോഗികൾക്ക് സഹായമൊരുക്കും. കാൻസർ പ്രതിരോധത്തിന് പ്രത്യേക

പരിഗണന നൽകും. എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെ ഇൻഷുറൻസ് നൽകുന്ന ഉമ്മൻ ചാണ്ടി ഇൻഷുറൻസ് പദ്ധതിയ്ക്ക് പ്രാഥമികമായി 10 കോടി രൂപ പ്രഖ്യാപിച്ചു. വയോജന വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും ബജറ്റിൽ വകയിരുത്തി. കുട്ടികളെയും സ്ത്രീകളെയും യുവാക്കളെയും പരിഗണിക്കുന്ന വിവിധ പദ്ധതികളും ബജറ്റിലുണ്ട്.

(വോയ്സ്)

റാഗിങ് തടയാൻ സിദ്ധാർഥൻ ആൻറി റാഗിങ്ങ് ആൻറ് സ്റ്റുഡൻറ് വെൽഫെയർ ആക്ട് കൊണ്ടുവരും. പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ ഉറപ്പാക്കുകയും ക്യാംപസുകളെ ഗേൾസ് ഫ്രണ്ട്ലി ആക്കുകയും ചെയ്യും.

****** ******** ******************************

## BUDGET 3

ഗ്രാമവികസനത്തിനായി 2,138 കോടി രൂപ ബജറ്റിൽ വകയിരുത്തി. തൊഴിലുറപ്പ് പദ്ധതിക്ക് 1,422 കോടി രൂപയാണ് നീക്കിവച്ചത്. റോഡപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കും. ലഹരി മരുന്ന് വ്യാപനത്തിനെതിരായ ഓപ്പറേഷൻ തൂഫാന് 10 കോടി രൂപ വകയിരുത്തി. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ പുതിയ ലാബുകൾ ആരംഭിക്കും. പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്ക് പുതിയ ഭവന പദ്ധതി, സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കൽ എന്നിവയും ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിനായി 160 കോടി രൂപ അനുവദിച്ചു.

****** ******** ******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****** ********* *********************** ******

## BUDGET-AGRI (INTRO)

ഭൂപരിഷ്കരണം 2.0 എന്ന പേരിൽ, ഭൂനിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്താനും സമഗ്ര ലാൻഡ് മാനേജ്മെന്റ് നയം രൂപീകരിക്കാനും ബജറ്റ് നിർദേശം. കൃഷിക്കും അനുബന്ധ മേഖലക്കുമായി 1,535 കോടി രൂപ നീക്കിവയ്ക്കും. നാളികേരത്തിന് പുതിയ സംഭരണ കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതും റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർധിപ്പിക്കുന്നതും ഉൾപ്പെടെ ബജറ്റിൽ കാർഷിക മേഖലയ്ക്ക് മികച്ച പരിഗണനയാണുള്ളത്. കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശിയായ കർഷകൻ പയസ് സ്കറിയ സംസാരിക്കുന്നു.

(വോയ്സ്)

മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പ്രതിദിന പാലുൽപാദനം ഒരു കോടി ലിറ്ററാക്കി ഉയർത്തും. മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിക്കും. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷുറൻസ് തുക പരിഷ്കരിക്കാനും നിർദേശമുണ്ട്. വനം–വന്യജീവി സംരക്ഷണത്തിന് 243.80 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

****** ********* *********************** ******

## BUDGET ESTIMATE

2026-27 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തി 69, 646 കോടിയുടെ റവന്യൂ വരവാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. രണ്ട് ലക്ഷത്തി 5001 കോടി രൂപയുടെ റവന്യൂ ചെലവുകളും ബജറ്റിൽ കണക്കാക്കുന്നു. 35,355 കോടിയായിരിക്കും റവന്യൂകമ്മി.

************************************************

## BUDGET - REACTION

കോർപ്പറേറ്റ് താത്പര്യം ഉയർത്തിപ്പിടിക്കുന്ന ബജറ്റാണിതെന്നും കേരളത്തിന്റെ ഭൂപരിഷ്കരണ നിയമം അട്ടിമറിക്കാനുള്ള സർക്കാരിന്റെ നീക്കം ഗൗരവമായി കാണണമെന്നും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ദീർഘവീക്ഷണമില്ലാത്ത പദ്ധതികളാണ് ബജറ്റിൽ പ്രഖ്യാപിച്ചതെന്ന് ബിജെപി എംഎൽഎ ബി ബി ഗോപകുമാർ പ്രതികരിച്ചു.

************************************************

## FIFA WORLD CUP

ഫിഫ ലോകകപ്പിൽ ഇന്ന് രാത്രി 12.30 ന് നടക്കുന്ന മത്സരത്തിൽ യുഎസ്എ-ഓസ്ട്രേലിയയെ നേരിടും. നാളെ പുലർച്ചെ 3.30 നാണ് സ്കോട്ലൻഡ്-മൊറോക്കോ മത്സരം. രാവിലെ 6 മണിക്ക് ബ്രസീൽ-ഹെയ്റ്റിയെയും, 8.30 ന് തുർക്കിയെ-പരാഗ്വേയേയും നേരിടും.

************************************************

## RAIN - KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, കണ്ണൂർ ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

************************************************

## NCW- POSH ACT

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമ (പ്രതിരോധ, നിരോധന, പരിഹാര) നിയമം - പോഷ് ആക്ട് പ്രകാരം ഉള്ള നടപടികൾ ഉടനടി ഫലപ്രദമായി നടപ്പിലാക്കണമെന്ന് ദേശീയ

വനിതാ കമ്മീഷൻ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പ്രത്യേക നിർദ്ദേശം നൽകി. സംസ്ഥാന സർക്കാരുകളുടെയും ജില്ലാ ഭരണകൂടങ്ങളുടെയും അടിയന്തര നടപടിക്കായി 18 നിർദ്ദേശങ്ങൾ ഉപദേശക സമിതി ശുപാർശ ചെയ്യുന്നതായി കമ്മീഷൻ അറിയിച്ചു.